www.malankaralibrary.com

JOMI THOMAS
Thongalathu Toms Villa
Thamarakudy P.O
Kalayapuram -691560
BOOK No.........................

# മലങ്കര ദീപം

(കവിത)

ഫാ. ജോർജജ് പ്ലാവിളയിൽ.

www.malankaralibrary.com

## ഇതര കൃതികൾ.

1. പാടുന്ന പൂങ്കുയിൽ 1955
(ഗാനങ്ങൾ)
2. ആത്മാവിൻെറ ചിറകുകൾ 1986
(ഗദ്യം)
3. മലങ്കര ദീപം 1986
(കവിത)

‘നട്ടുവളർത്തുന്നനിങ്ങളിവിടെ; യെ
ന്നസ്ഥികൾവീണതൻ തണ്ടുകളാക്കി, യെൻ
രക്തഞരമ്പുകൾ തന്ത്രികളാക്കി, യെൻ
സ്വപ്നകൗതുഹലം പാടട്ടെ, യുക്തപ്ത-
മദ്ധ്യാഹ്നവും ഗാനശീതളമാക്കകീ-
യുച്ചവെയിലും കുളിർനിലാവാക്കകീ-
ദുഃഖങ്ങൾതൻ കയ്പുനീരമൃതാക്കകെൻ-
നഷ്ടചൈത്രങ്ങളെ, വീണ്ടുമുണർത്തുക!”

ഒ. എൻ. വി.



പുനരൈക്യ പ്രസ്ഥാന ജനയിതാവും
എൻെറ ഗുരുനാഥനുമായ
**മാർ ഇവാനിയോസ് തിരുമേനി.**

www.malankaralibrary.com

## രണ്ടുവാക്ക്

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ ജനിച്ചു വളർന്ന ആദ്യത്തെ വൈദികനാണു ഞാൻ. എന്റെ പിതാവ് ശ്രീ. പി. കെ. ഗീവറുഗീസ് പ്ലാവിളയിൽ മാർ ഇവാനിയോസിനാൽ കത്തോലിക്കാ സഭയിലേക്ക് 1930 നവംബർ 1ന് പമ്പുമല ബഥനി പള്ളിയിൽവച്ച് പുനരൈക്യപ്പെട്ടു. അന്നുമുതൽ മാർ ഇവാനിയോസ് തിരുമനസ്സിനോടൊത്ത് സമുദായ വളർച്ചയ്ക്കായി പ്രവർത്തിച്ചു പോന്നു. കൺവൻഷനുകളിൽ ഗാനങ്ങൾ ആലപിച്ചും മാർഗ്ഗംകളി പാട്ടുകൾ അവതരിപ്പിച്ചും അവയൊക്കെ അച്ചടിപ്പിച്ചു പ്രചരിപ്പിക്കുകയും ചെയ്തുവന്നു. വേദകഥാ ഗീതങ്ങൾ, നോഹയുടെ കപ്പൽ കയററം, പ്രേമസന്ദേശം തുടങ്ങിയ കൃതികൾവഴി ക്രിസ്തു സന്ദേശം ജനഹൃദയങ്ങളിൽ ഒരളവുവരെ എത്തിക്കുന്നതിന് പരിശ്രമിച്ചു. പിതാവിൽനിന്ന് അല്പമായി എനിക്കു കിട്ടിയ ആ വാസനയിൽനിന്നുരുത്തിരിഞ്ഞതാണ് ഈ ചെറുഗ്രന്ഥം. തിരുവല്ലായിൽ തിരുമൂലപുരത്തുവച്ചു മലങ്കര കത്തോലിക്കാ സഭയുടെ രജതജൂബിലി ആഘോഷവേളയിൽ ഇതു ഗിരിദീപത്തിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ഭാഗ്യസ്മരണാർഹനായ മാർഈവാനിയോസിൽനിന്നും ദൈവവിളിയും വൈദികവസ്ത്രവും സ്വീകരിച്ച എനിക്ക്, ആ ചരിത്രസംഭവം പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തണമെന്നു തോന്നുകയാണുണ്ടായത്. സത്യം ഗ്രഹിച്ച് സത്യത്തെ പുൽകാൻ ഒരാൾക്കെങ്കിലും സാധിക്കുമെങ്കിൽ ഞാൻ കൃതാർത്ഥനായി. ഇതിന് ഒരു അവതാരിക എഴുതിത്തന്ന മഹാകവി പുത്തൻകാവ് മാത്തൻതരകൻ സാറിന് നന്ദിയുടെ പൂച്ചെണ്ടുകൾ അർപ്പിച്ചുകൊണ്ട് ഈ മലങ്കര ദീപത്തെ നിങ്ങളുടെ അടുത്തേക്കു വിടുന്നു.

രചയിതാവ്,

ഫാദർ. ജോർജ്ജ്, പ്ലാവിളയിൽ.

## അഭിപ്രായം

മഹാകവി പുത്തൻകാവ് മാത്തൻ തരകൻ

ദിവ്യശ്രീ ഫാ. ജോർജ്ജ് പ്ലാവിളയിലിന്റെ തട്ടയിലെ എട്ടാളുകളും വേദപണ്ഡിതനും നിതാന്തവന്ദ്യ മഹിമശ്രീമാനും ഭക്താശ്രീമാനും ആയിരുന്ന മാർ ഇവാനിയോസ് തിരുമേനിയുടെ പാദാരവിന്ദങ്ങളെ പിന്തുടർന്ന് കത്തോലിക്കാസഭയോടു പുനരൈക്യംപ്രാപിച്ച സംഭവത്തെ കൃതജ്ഞതാപുരസ്സരം അവതരിപ്പിക്കുന്ന ഒരു ഖണ്ഡകൃതിയാണിത്. ഏകദേശം എഴുപതോളം വരികളിൽ ഒതുക്കിയിരിക്കുന്ന ഇതിവൃത്തത്തെ കാവ്യമധുരമാക്കാൻബഹുമാനപ്പെട്ട അച്ചന്റെ കല്പനാചാതുരിയും ഭാവനാമഹിമയും അത്യന്തം സഹായിച്ചിട്ടുണ്ടെന്ന് പറയുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്. ലളിതസുന്ദരമായ പദങ്ങൾ തെരഞ്ഞെടുക്കുന്നതിലും അവയെ മധുരതരമായി കോർത്തിണക്കുന്നതിലും ഈ ലഘുകൃതിയുടെ രചയിതാവ് പ്രദർശിപ്പിച്ചിരിക്കുന്നപാടവം അഭിനന്ദനീയമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. സുസ്ഥിരമായ പരിശ്രമംകൊണ്ട് ഫാദർ ജോർജ്ജ് പ്ലാവിളയിലിനു കാവ്യലോകത്തിൽ സുപ്രതിഷ്ഠ നേടാനുള്ള കൃതികൾ രചിക്കുന്നതിനു കഴിവുണ്ടാകും എന്ന് ഈ ലഘുകൃതി തെളിയിക്കുന്നു. ജഗദീശ്വരൻ അതിനു രചയിതാവിനെ അനുഗ്രഹിക്കുമാറാകട്ടെ.

www.malankaralibrary.com

JOMI THOMAS
Thongalathu Toms Villa
Thamarakudy. P.O
Kalayapuram -691560
BOOK No..............................

# മലങ്കര ദീപം

കളകളാരവംള്ളുകി പറന്നുപോയ് കിളികുലം

കുളിരൊളി വീശിയെങ്ങും തെളിഞ്ഞുമാനം

പരിമളംപരത്തിയ പൂവുകളിലൂടെ തെന്നൽ

പരിചൊടുവന്നണഞ്ഞു വീശിനാൻമന്ദം

ഉദയമാമലയിലെ പകലവൻ കൈകരംനീട്ടി

ഉഷസ്സിൻറ പുതുമയിൽ പുളകംചാർത്തി.

പുരാകൊല്ലംപുരംതന്നിൽ പുകഴൊളിവീശിയൊരു

പുരുഷകേസരിവാണു, ബൻസിംഗറാഖ്യൻ

ഒരുവരവാസരത്തിൽ സുന്ദരസുപ്രഭാതത്തിൽ

മനതാരുമേന്തിതത്രചെന്നെത്തി.

മഹിമപൂരംപരത്തി ശ്രീയുതനാമീവാനിയോസ്

മഹിതരാനാലുപേരാലനുഗതനായ്

www.malankaralibrary.com



തൻതിരുഹൃൽപ്പൂവനത്തിൽവിരിഞ്ഞ സൽപ്രസൂനത്തിൽ
നിന്നതിന്നവാങ്ങ് മരന്ദം കാഴ്ചയർപ്പിച്ചാൻ
അതുവാങ്ങിമോദമോടെ ബന്നസിംഗർ തിരുമേനി
അവരെ സ്വീകരിച്ചു ഹാ! തിരുസ്സഭയിൽ
പച്ചവെച്ചു കൊച്ചുമാവിലിരുന്നൊരു നീലക്കുയിൽ
പഞ്ചമരാഗവുംപാടി കുതൂഹലത്താൽ
കറയകന്നിരുകരൾ ഒരുമയിലമരുമ്പോൾ
കരകവിഞ്ഞൊഴുകുന്ന പരമാനന്ദം.
അകന്നുവസിച്ചു രണ്ടുഹൃദയങ്ങളൊന്നാകുകിൽ
അനുപമസ്നേഹനദി കുതിച്ചുപായും
അടിച്ചടിച്ചുകറുമാനവസ്നേഹനദിയിലെ
അലമാലമുൻപടിഞ്ഞമാലിന്യമാകെ

അറുത്തറുത്തെറിഞ്ഞങ്ങു കൂനൻക്രൂശിൻ ആലാത്തുകൾ
അനിതരധീരമതി ശ്രീ ഈവാനിയോസ്
തിരുമേനി പുരുമോദം എതിരുകൾ ഗണിക്കാതെ
തിരുസ്സഭാമകരന്ദം നുകർന്നമർന്നു.
തദ്ദേശത്തൊരുകൂട്ടർ അതിലെട്ടാളുകളങ്ങ്
നിശ്ചയിച്ചുറച്ചു സത്യസഭയിൽ ചേരാൻ.
അഭിവാദ്യംചെയ്തശേഷം അഭിലാഷമറിയിച്ചു
തിരുമേനി കുരിശേന്തി ആശീർവദിച്ചു
അങ്ങനെയാപമ്പുമല ബഥനിപ്പള്ളിയിൽപൂകി
അപ്പുമാനെ പിന്തുടരാനിടയായല്ലോ.
അമ്മഹാമംഗളകർമ്മം അമ്മധുമോഹനദിനം
എമ്മട്ടുമറക്കാനാവും, മറക്കാനാവും.

www.malankaralibrary.com



സ്ഥാനവസ്ത്രഭൂഷിതനായ് കുരിശ്ശും കരത്തിലേന്തി
ആനീതനായ് ആ മഹാത്മൻ മട്ടാഞ്ചേരിതന്നിൽ
കുതൂഹലരായിട്ടവർ ഉപചാരസഹിതമാം
കുരിശ്ശുതൊട്ടഹോ സത്യവാഗ്ദാനമേകി.
അമ്മധുരസ്മരണതൻ സുവർണ്ണജൂബിലിയഹോ
വന്നുചേർന്നഞ്ഞൂറ്റമ്പതിലേ നവംബർ ഒന്നിൽ
വശ്യവശ്യ മുഗ്ദ്ധമായ മംഗളമഹാദിനമേ
തരുന്നു ഞാൻ നന്ദിയുടെ പവിഴഹാരം
കുറവേതുമില്ലാതെയീ സഭയുടെ സജീവമാം
ഉറവതൻജലം കോരിതീർക്കുന്നു ദാഹം
വൈദികരും വൈദികമേലധികാരികളുമിന്ന്
മേട്ടരാമോദം തുണയും തരുന്നു ഹന്ത!




ഇന്നു ഞങ്ങൾക്കൊരുനല്ല ശക്തിയും നൽസൗഭാഗ്യവും
ഇന്നുഞങ്ങൾക്കമേയമാം സ്വർഗ്ഗീയദാനം.
റോമാപുരിതന്നിലധിവസിക്കുമാപ്പോപ്പരാജൻ
പാലിക്കുന്നു ഞങ്ങളേയും പരമഹർഷം.
സഹജരേ ജഗദീശസ്ഥാപിതമാം മതമേകം
നോഹയുടെ പേടകവും ഒന്നുതാനല്ലോ.
അന്നുവിണ്ണിൽനിന്നുവന്ന പരിശുദ്ധഭോജനമാം
മന്നാസൂക്ഷിക്കുന്നതൊരു കാഞ്ചനച്ചെപ്പാം.
ഒന്നല്ലയോ അഹറോൻതൻകരതാരിലേന്തുംവടി
ഒന്നേയുള്ളുസഹോദരാ, സാക്ഷിയിൻപെട്ടി.
ഗുണഗണമിളിതയാം തിരുസ്സഭാവധുവൊന്ന്
നവാളുനവളുടെ മിശിഹായേകൻ

www.malankaralibrary.com



ഒരേയൊരുവിശ്വാസവും സഹജാ, മാമോദീസായും
അരുതേ മുൻവിധിയൊന്നും, ചിന്തിച്ചീടുക.
വക്രവക്രസഹജരേ. നേരെഴുമീസഭയിൽനാം
ഒരുമയായ് ആരാധിക്കാം ഈശനേകനെ
മറന്നുവോ മഹാനാകുമീവാനിയോസ് തിരുമേനി
പറഞ്ഞതാം വാക്ശകലം സഹോദരരേ
അവസാനലിഖിതത്തിൽ മൊഴിഞ്ഞവിടുന്നീവിധം,
കത്തോലിക്കരാകിൽ നിങ്ങളഭിമാനിപ്പിൻ
സ്വർഗ്ഗേതാതൻ സവിധത്തിൽ ചെന്നുചേർന്നങ്ങെത്ത്
സ്വന്തംഞാൻ പ്രാർത്ഥിച്ചീടും നിങ്ങളാംപേർക്കായി.



www.malankaralibrary.com



സംഗീതത്തിലും, സാഹിത്യത്തിലും
അഭിരുചിയുള്ള ഫാ: ജോർജ്ജ് പ്ലാവിളയിൽ
പൂങ്കുയിൽ' എന്ന ഗാനശില്പത്തിനുശേഷം മൂന്നുപര
കൾകഴിഞ്ഞാണ് ഈ ഖണ്ഡകൃതി പ്രസിദ്ധ
ന്നതു്. വചനശുശ്രൂഷയിലൂടെ ജനസേവനം ന
ഋഷിപുംഗവൻ 'ആത്മാവിന്റെ ചിറകുകൾ' എന്ന
ത്യ കൃതിവഴി തീർത്ഥാടകസമൂഹത്തെ അനശ്വര
ത്തേക്കുടപ്പിക്കുന്നു. പ്രതിസന്ധികളിൽ മനോ
ത്തോടുമുന്നേറുന്ന ഗ്രന്ഥകർത്താവു് ആത്മീയ
ത്തിന്റെ പ്രഭ വിതറുന്നു.

ശംകരത്തിൽ പ്രസ്-നൂറനാട്.